**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**

അമ്പലവയൽ,വയനാട് – 673 593

കേരള കാർഷിക സർവകലാശാല

മൊബൈൽ: 9188224421, ഫോൺ: 04936 260421/260561

ഇമെയിൽ: rarsamb@kau.in / adramb@kau.in

**നമ്പർ. ഇ .** 4098/2023(2) തീയതി : 04.10.2023

## ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് ജനുവരി മാസം 1 മുതൽ 15 വരെ നടത്തുന്ന പുഷ്പ ഫല പ്രദർശന മേള **"പൂപ്പൊലി 2024"** ന്റെ ഭാഗമായി പൂപ്പൊലി ഗാർഡനിലെ ആവശ്യത്തിലേക്കായി **"കടല പിണ്ണാക്ക്** (Groundnut cake)**"** വിതരണംചെയ്ത് തരുവാൻ ജി.എസ്.റ്റി രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച **ക്വട്ടേഷനുകൾ** ക്ഷണിച്ചു കൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

### "കടല പിണ്ണാക്ക് (Ground nut cake)"വിതരണം ചെയ്ത് തരുന്നതിനുള്ള ക്വട്ടേഷൻ

| | |
|---|---|
| ക്വട്ടേൻ നമ്പർ | **ഇ. 4098/2023(2)** |
| ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതിയും സമയവും | **20/10/2023, 11 am** |
| ക്വട്ടേഷനുകൾ തുറക്കുന്ന തീയതിയും, സമയവും | **20/10/2023, 11.30 am** |
| മേലെഴുത്ത് | **"കടല പിണ്ണാക്ക്** (Groundnut cake)**" വിതരണം ചെയ്ത് തരുന്നതിനുള്ള ക്വട്ടേഷൻ** |
| നിരത ദ്രവ്യം | **500 /- രൂപ (DD ആയോ നേരിട്ടോ)** |
| ക്വട്ടേഷൻ ലഭിക്കേണ്ട മേൽവിലാസം | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം<br>അമ്പലവയൽ, വയനാട് |

### നിബന്ധനകൾ

- **കടല പിണ്ണാക്ക്** ഈ കേന്ദ്രത്തിലെത്തിക്കുന്നതിനാവശ്യമായ നികുതി കയറ്റിറക്കുകൂലി എന്നിവ ഉൾപ്പെടെ ഒരു കിലോയുടെ വിലയാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്. ഏറ്റവും ചുരുങ്ങിയ വില കാണിച്ച ക്വട്ടേഷൻ മിതമായ നിരക്കാണെങ്കിൽ അംഗീകരിക്കുന്നതാണ്.
- **കടല** പിണ്ണാക്കിന്റെ വില പ്രത്യേകം കാണിക്കേണ്ടതാണ്
- ക്വട്ടേഷൻ അംഗീകരിച്ച തീയതി മുതൽ ഒരു വർഷത്തേക്ക് അംഗീകരിച്ച **നിരക്കിൽ കടല പിണ്ണാക്ക്** ഈ കേന്ദ്രത്തിൽ എത്തിച്ച് തരേണ്ടതാണ്.
- ക്വട്ടേഷൻ കാലയളവിൽ കൂടുതൽ **കടല പിണ്ണാക്ക്** ആവശ്യമായി വരുന്ന പക്ഷം ആയത് നൽകുവാൻ ക്വട്ടേഷൻ ലഭിച്ചവർ ബാധ്യസ്ഥരായിരിക്കും
- ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തി, ഈ കേന്ദ്രത്തിൽ നിന്ന് ആവശ്യപ്പെടുന്ന **കടല പിണ്ണാക്ക്** സമയബന്ധിതമായി ഈ സ്ഥാപനത്തിൽ എത്തിച്ചുതരേണ്ടതാണ്. ക്വട്ടേഷൻ നിബന്ധനകൾ ലംഘിച്ചാൽ നടപടികൾ സ്വീകരിക്കുന്നതും സെക്യൂരിറ്റി ഡെപ്പോസിറ്റ് സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടുന്നതുമാണ്.
- ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ സർക്കാർ അംഗീകൃത **തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്** ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

- ക്വട്ടേഷൻ നിരക്കുകൾ തൃപ്തികരമല്ലെങ്കിൽ തിരസ്കരിക്കുവാനുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
- ക്വട്ടേഷൻ സമർപ്പിച്ചവർക്ക് ഒരിക്കൽ കൂടി അവസരം ലഭിക്കുന്നതിനായി അപ്പോൾ ഹാജരുള്ളവരെ മാത്രം ഉൾപ്പെടുത്തി ആവശ്യമെങ്കിൽ ക്വട്ടേഷൻ തുറക്കുന്നതിനുമുമ്പായി അന്നേദിവസം ലേലവും നടത്തുന്നതാണ്.
- ക്വട്ടേഷൻ റദ്ദാക്കുവാനോ മാറ്റിവയ്ക്കുവാനോ ഉള്ള അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. തൽസംബന്ധിയായ അസോസിയേറ്റ് ഡയറക്ടറിന്റെ തീരുമാനം അന്തിമമായിരിക്കും.
- ക്വട്ടേഷൻ സംബന്ധിച്ച എല്ലാവിധ സർക്കാർ നിബന്ധനകളും ഇതിനും ബാധകമാണ്. മറ്റു വിശദ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.
- ക്വട്ടേഷൻ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതു ജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ 11.30 am ന് ക്വട്ടേഷൻ തുറക്കുന്നതാണ്.
- കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.

ഒപ്പ്/-

**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

പകർപ്പ് :-1. ടി.ടി ജേക്കബ്, ഫാം സൂപ്രണ്ട്.
2. വിതരണത്തിന്
3. നോട്ടീസ്ബോർഡ്/ കെ.എ.യു വെബ് സൈറ്റ്